

THURSDAY 07/08/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/08/2025

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കേര എന്നിവയുടെ ആഭിമുഖ്യത്തിൽ കർഷക ദിനാഘോഷ പരിപാടിയും സംസ്ഥാന കർഷക അവാർഡ് വിതരണവും 17.08.2025 (ചിങ്ങം 1ന്) തൃശ്ശൂർ തേക്കുംകാട് മൈതാനത്ത് വച്ച് നടക്കും. ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രിയും മറ്റ് ജനപ്രതിനിധികളും പങ്കെടുക്കും.

2. രണ്ടാംകൃഷി ഇറക്കിയ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗത്തിനെതിരെ കർഷർ ജാഗ്രത പാലിക്കണം. കരുവാറ്റ, നെടുമുടി, കൈനകരി, തകഴി, നീലംപേരൂർ കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന രണ്ടാംകൃഷി ഇറക്കിയ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗ ലക്ഷണങ്ങൾ കാണുന്നതായി കീടനിരീക്ഷണ കേന്ദ്രം അറിയിച്ചു. വിതച്ച് 35 മുതൽ 85 ദിവസം വരെ പ്രായമായ പാടശേഖരങ്ങളിലാണ് രോഗലക്ഷണങ്ങൾ കണ്ടുവരുന്നത്. പ്രാരംഭ ദിശയിൽ തന്നെ പാടശേഖര അടിസ്ഥാനത്തിൽ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചാൽ മാത്രമേ രോഗം ഫലപ്രദമായി നിയന്ത്രണ വിധേയമാക്കാൻ കഴിയൂ  എന്ന് കെ സി പി എം കളർകോട് കീട നിരീക്ഷണ കേന്ദ്രം പ്രൊജക്റ്റ് ഡയറക്ടർ അറിയിച്ചു .

3. കാർഷിക മേഖലയിലെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. ഡ്രിപ്, സ്പ്രിങ്ക്ളർ, മൈക്രോ സ്പ്രിങ്ക്ളര്, റെയ്ൻ ഗണ് തുടങ്ങിയവ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്ഥാപിക്കുന്നതിന് ചെറുകിട കർഷകർക്ക് അനുവദനീയ ചെലവിന്റെ 55 ശതമാനവും മറ്റ് കർഷകർക്ക് 45 ശതമാനവും സാമ്പത്തിക ആനുകൂല്യം ലഭിക്കും. ഒരു ഗുണഭോക്താവിന് പരമാവധി അഞ്ച് ഹെക്ടർ കൃഷിക്ക് ആനുകൂല്യം ലഭിക്കും. അപേക്ഷകന്റെ ഫോട്ടോ, ആധാർ കാർഡിന്റെ കോപ്പി, നികുതി രസീത്, ബാങ്ക് പാസ്സ്ബുക്കിന്റെ കോപ്പി, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ സഹിതമുള്ള അപേക്ഷ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം, കരിപ്പുഴ, കാവനാട് പി.ഒ കൊല്ലം 691003 വിലാസത്തിൽ സമർപ്പിക്കണം. ഫോൺ: 8606069173, 9846302765.

4. മുള ഉത്പന്നങ്ങളുടെ വാണിജ്യവത്കരണം, മുള കർഷകർക്ക് പുതിയൊരു വരുമാനമാർഗം തുറക്കും. കേരളത്തിൽ മുള കൃഷിക്ക് കൂടുതൽ പ്രോത്സാഹനം ലഭിക്കാനും ഇതുവഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. ഈ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും അസംസ്കൃത വസ്തുക്കൾ നൽകുന്നതിനും വാണിജ്യവത്കരണത്തിനും താത്പര്യമുള്ളവരെ കണ്ടെത്താനായി ഓഗസ്റ്റ് ഏഴിന് തിരുവനന്തപുരത്ത് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ് സംഘടിപ്പിക്കുന്ന റിസേർച്ച് ആന്റ് ഡെവലപ്മെന്റ് കോൺക്ലേവിലൂടെ സഹായകമാകും എന്ന് കെ.എഫ്.ആർ.ഐയിലെ ഗവേഷകർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുളളമ്പ് പൊടിയും ഫ്ലേക്സും ഉൾപ്പെടെ 15 ഗവേഷണങ്ങളാണ് കെ.എഫ്.ആർ.ഐ കോൺക്ലേവിൽ അവതരിപ്പിക്കുന്നത്.

5. മലമ്പുഴ മേഖല കോഴിവളർത്തൽ കേന്ദ്രത്തിൽ ഉത്പാദനം നടത്തി സംപുഷ്ടീകരിച്ച ജൈവവളം വിൽപ്പനയ്ക്ക്. ഓർഗാനിക് പച്ചക്കറി കൃഷിക്കും, പൂകൃഷിക്കും അനുയോജ്യമായ വളം വില കിലോയ്ക്ക് 11 രൂപ നിരക്കിൽ മലമ്പുഴ മേഖലാ കോഴിവളർത്തൽ കേന്ദ്രത്തിൽ ലഭിക്കും. ഫോൺ: 0491 2971389, 9447368196.

## പരിശീലന പരിപാടി

1. ഇന്ത്യാ ഗവൺമെന്റ് ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, തഞ്ചാവൂർ **"സുഗന്ധവ്യഞ്ജന സംസ്കരണവും മൂല്യവർദ്ധനവും"** എന്ന വിഷയത്തിൽ 2025 ഓഗസ്റ്റ് 22-ന് ഏകദിന **ഓൺലൈൻ** പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് : https://niftem-t.ac.in/spicepva.php സന്ദർശിക്കുക.

2. കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ **ഓഗസ്റ്റ് 11, 12 തീയതികളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു വരെ 'ആട് വളർത്തൽ വ്യവസായികാടിസ്ഥാനത്തിൽ'** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കും. **ഓഗസ്റ്റ് ഒമ്പതിനകം 9447525485** നമ്പറിൽ രജിസ്റ്റർ ചെയ്ത് പങ്കെടുക്കാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. റബ്ബർതോട്ടങ്ങളിലെ മണ്ണും ഇലയും പരിശോധിച്ചുള്ള വളപ്രയോഗത്തെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് ഡോ. അമ്പിളി കെ.കെ. 2025 ആഗസ്റ്റ് 07 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 04812576622.

4. ക്ഷീരവികസന വകുപ്പിൻറെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് **2025 ആഗസ്റ്റ് 11 മുതൽ 16** വരെയുള്ള 5 ദിവസങ്ങളിലായി **"ശാസ്ത്രീയ പശു പരിപാലനം"** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 08.08.2025-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476-2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ പരിശീലനത്തിനെത്തുമ്പോൾ ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പും ഏതെങ്കിലും

തിരിച്ചറിയൽ രേഖയുടെ പകർപ്പും ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

5. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 19, 20, 21, 22, 23 തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് ശാസ്ത്രീയ പശുപരിപാലനം എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 14-08-2025 ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

**കാർഷിക നിർദേശം**

1. വാഴയിൽ തട തുരപ്പൻ പുഴുക്കളുടെ ആക്രമണം തടയാൻ, നട്ട് 4-5 മാസം ആകുമ്പോൾ വേപ്പിൻ കുരു 50 ഗ്രാം/ ചെടി ഇല കവിളുകളിൽ ഇടുക. ആക്രമണം രൂക്ഷമാകുന്ന ഘട്ടങ്ങളിൽ, ക്ലോറോപൈറിഫോസ് 2.5 മില്ലി /ലിറ്ററിന് ഇലയുടെ അടിയിലും തണ്ടിലും പുരട്ടുക.

2. പയറിലെ കായ് തുരപ്പൻ്റെ ആക്രമണം തടയാൻ ബ്യൂവേറിയ ബാസിയാന (20 ഗ്രാം/ലിറ്റർ വെള്ളം) തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം കാന്താരി മുളക് 1 ലിറ്റർ ഗോമൂത്രത്തിൽ കലക്കി 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം